Mathrubhumi 15-11-18, P-02

# നോർത്ത് കോൾപ്പടവിൽ പട്ടാളപ്പുഴുശല്യം വ്യാപകം

**350 ഏക്കറോളം വരുന്ന കോൾപ്പടവിൽ വിതകഴിഞ്ഞ് 19 ദിവസം പ്രായം ചെന്ന നെൽച്ചെടികളിലാണ് പട്ടാളപ്പുഴുശല്യം**



പറപ്പൂർ സഹകരണസംഘത്തിനുകീഴിൽ വരുന്ന നോർത്ത് കോൾപ്പടവിൽ പട്ടാളപ്പുഴുശല്യം വ്യാപകമായതിനെത്തുടർന്ന് വെള്ളം നിറച്ചിട്ടിരിക്കുന്നു



നെൽച്ചെടികളിൽ പട്ടാളപ്പുഴുക്കൾ

**പറപ്പൂർ ▸** സഹകരണസംഘത്തിനുകീഴിൽ വരുന്ന നോർത്ത് കോൾപ്പടവിൽ പട്ടാളപ്പുഴുശല്യം വ്യാപകമായി. 350 ഏക്കറോളം വരുന്ന കോൾപ്പടവിൽ വിതകഴിഞ്ഞ് 19 ദിവസം പ്രായംചെന്ന നെൽച്ചെടികളിലാണ് പട്ടാളപ്പുഴു വ്യാപകമായിട്ടുള്ളത്.

തൊണ്ണൂറുദിവസംകൊണ്ട് മൂപ്പെത്തി കൊയ്യാൻ പാകമാകുന്ന അനുശ്രീ വിത്താണ് വിതച്ചത്. നെൽച്ചെടിയുടെ കടമുതൽ ഇലവരെ പൂർണമായും പുഴുക്കൾ തിന്നുന്നുണ്ട്. ദിനംപ്രതി പട്ടാളപ്പുഴുക്കളുടെ എണ്ണം വർധിക്കുന്നതിനാൽ പ്രതീക്ഷിച്ച വിളവുലഭിക്കുമോ എന്ന ആശങ്കയിലാണ് കൃഷിയിറക്കിയ 150 കർഷകർ. ആദ്യമായാണ് നോർത്ത് പടവിൽ പട്ടാളപ്പുഴുശല്യമുണ്ടാകുന്നത്.

വരുന്ന 18 മുതൽ സമീപത്തെ സൗത്ത് പടവിലും കരിമ്പന തരിശിലും വിതയാരംഭിക്കാൻ ഒരുങ്ങുന്നതിനിടെ പട്ടാളപ്പുഴുശല്യം കർഷകരുടെ ആശങ്ക ഇരട്ടിയാക്കുന്നുണ്ട്. പുഴുശല്യം വ്യാപകമായ പടവിൽ രണ്ടുതവണ മരുന്നുപ്രയോഗിച്ച് വെള്ളം നിറച്ചിട്ടിരിക്കുകയാണ് കർഷകർ. എന്നാലും ശ്വാശതപരിഹാരം കാണാൻ കഴിഞ്ഞിട്ടില്ലെന്ന് കർഷകരായ മോഹനൻ വാഴപ്പുള്ളി, സുബ്രഹ്മണ്യൻ പഴഞ്ചേരി, മുരളി വാഴപ്പുള്ളി എന്നിവർ പറഞ്ഞു.

നെൽച്ചെടികൾ ഭൂരിഭാഗം നശിച്ചുകഴിഞ്ഞിട്ടും പാടശേഖര സമിതിയുടെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടായില്ലെന്നും കർഷകർ ആരോപിച്ചു.